Maximum : 100 marks

Time : 1 hour and 15 minutes

1. $\frac{.1}{.01} + \frac{.01}{.001} + \frac{.001}{.0001} + \frac{.0001}{.00001} =$

(A) 40 (B) 100

(C) .001 (D) 10

2. 12, 15, 18 സെക്കന്റ് ഇടവേളകളിൽ ശബ്ദിക്കുന്ന വ്യത്യസ്തങ്ങളായ 3 അലാറം ക്ലോക്കുകൾ 8.35 A.M.-ന് ഒരുമിച്ച് ശബ്ദിച്ചാൽ തൊട്ടടുത്ത് അവ ഒരുമിച്ച് ശബ്ദിക്കുന്ന സമയം ഏത്?

(A) 11.35 A.M. (B) 8.40 A.M.

(C) 8.38 A.M. (D) 8.50 A.M.

3. 43062 =

(A) $4 \times 10^3 + 3 \times 10^2 + 0 + 62$

(B) $4 \times 10^4 + 3 \times 10^3 + 0 + 6 \times 10^1 + 2 \times 10^0$

(C) $4 \times 10^5 + 3 \times 10^4 + 0 + 6 \times 10^2 + 2 \times 10^1 + 0$

(D) $4 \times 10^6 + 3 \times 10^5 + 0 + 6 \times 10^2 + 2 \times 10^1$

4. രണ്ട് സംഖ്യകൾ 5 : 6 എന്ന അംശബന്ധത്തിലാണ് ആദ്യത്തെ സംഖ്യ 150 എങ്കിൽ രണ്ടാമത്തെ സംഖ്യ എത്ര?

(A) 200 (B) 180

(C) 60 (D) 310

5. ഒരു ക്ലാസ്സിലെ 30 കുട്ടികളുടെ ശരാശരി മാർക്ക് 40 ഉം ബാക്കി 20 കുട്ടികളുടെ ശരാശരി മാർക്ക് 35 ഉം ആയാൽ ആ ക്ലാസ്സിലെ കുട്ടികളുടെ ശരാശരി മാർക്ക് എത്ര?

(A) 40 (B) 35

(C) 38 (D) 37

6. 8% സാധാരണ പലിശ നിരക്കിൽ 7,500 രൂപ ഇരട്ടി ആകുന്നതിന് എത്ര വർഷം വേണം?

(A) $12\frac{1}{2}$ വർഷം (B) 10 വർഷം

(C) 5 വർഷം (D) $7\frac{1}{2}$ വർഷം

7. $\dfrac{\frac{3}{2}+\frac{2}{3}}{\frac{3}{2}-\frac{1}{2}} =$

(A) $\frac{11}{6}$
(B) $\frac{13}{6}$
(C) $\frac{3}{2}$
(D) 1

8. 1 + 2 + 3 + 4 + .... + 50 =

(A) 1000
(B) 1250
(C) 5000
(D) 1275

9. മണിക്കൂറിൽ 90 കി.മീ. വേഗതയിൽ പോകുന്ന ഒരു തീവണ്ടി ഒരു ഇലക്ട്രിക് പോസ്റ്റ് കടക്കുന്നതിന് 6 സെക്കന്റ് എടുക്കുന്നു. തീവണ്ടിയുടെ നീളം എത്ര?

(A) 150
(B) 450
(C) 540
(D) 100

10. 2, 5, 11, 23, 47, —

(A) 90
(B) 95
(C) 105
(D) 100

11. ഒരാൾ 3 കി.മീ. തെക്കോട്ടു സഞ്ചരിച്ച ശേഷം 4 കി.മീ. വടക്കോട്ടു സഞ്ചരിക്കുന്നു. എന്നാൽ അയാൾ ഇപ്പോൾ യാത്ര ആരംഭിച്ച സ്ഥലത്തുനിന്നും എത്ര കി.മീ. അകലെയാണ്?

(A) 5
(B) 12
(C) 7
(D) 10

12. 5 പേനകളുടെ വില 15 പെൻസിലുകളുടെ വിലയ്ക്ക് തുല്യമാണ്. എങ്കിൽ 90 പെൻസിലുകൾക്കു പകരമായി എത്ര പേനകൾ വാങ്ങാം?

(A) 150
(B) 30
(C) 60
(D) 45

13. $4 \times 4 = 22$, $1 \times 1 = 11$, $9 \times 9 = 33$ ആയാൽ $16 \times 16$ എത്ര?

(A) 32
(B) 64
(C) 44
(D) 28

14. 2, 3, 4, 5, 6, 7, 8 എന്നീ സംഖ്യകൾ കൊണ്ട് പൂർണ്ണമായും ഹരിക്കാവുന്ന ഏറ്റവും ചെറിയ സംഖ്യ ഏത്?

(A) 640 (B) 1000

(C) 840 (D) 980

15. P, Q എന്നീ രണ്ടു പൈപ്പുകൾ യഥാക്രമം 10 മണിക്കൂർ കൊണ്ടും 15 മണിക്കൂർ കൊണ്ടും ഒരു ടാങ്ക് നിറയ്ക്കുമെങ്കിൽ രണ്ട് പൈപ്പുകളും ഒരേ സമയം തുറന്നാൽ എത്ര സമയം കൊണ്ട് ആ ടാങ്ക് നിറയും?

(A) 5 മണിക്കൂർ (B) 10 മണിക്കൂർ

(C) 6 മണിക്കൂർ (D) 25 മണിക്കൂർ

16. ഒരു സംഖ്യയെ 5 കൊണ്ട് ഹരിക്കുന്നതിനു പകരം 5 കൊണ്ട് ഗുണിച്ചപ്പോൾ 50 കിട്ടി. ഹരിച്ചിരുന്നെങ്കിൽ ഉത്തരം എത്ര?

(A) 2 (B) 10

(C) 25 (D) 4

17. $a$, $b$ എന്നിവ എണ്ണൽ സംഖ്യകളാണ്. $a - b = 7$, $ab = 30$ എങ്കിൽ $a + b =$

(A) 15 (B) 37

(C) 210 (D) 13

18. ഒറ്റയാനെ കണ്ടെത്തുക :

(A) 2 (B) 7

(C) 11 (D) 22

19. ഒരു സമചതുരത്തിന്റെ വിസ്തീർണ്ണം 100 $cm^2$. സമചതുരത്തിന്റെ വശങ്ങളുടെ നീളം ഇരട്ടി ആയി വർദ്ധിപ്പിച്ചാൽ വിസ്തീർണ്ണം എത്ര?

(A) 400 (B) 200

(C) 300 (D) 150

20. 50 രൂപയ്ക്ക് വാങ്ങിയ സാധനം 20% ലാഭത്തിനു വിറ്റാൽ വിറ്റവില എത്ര?

(A) 55 (B) 60

(C) 70 (D) 75

21. പഴയ കാലത്ത് മാപ്പിളപ്പാട്ടുകൾ രചിക്കാൻ ഉപയോഗിച്ചിരുന്ന ഭാഷ :

(A) ഉറുദു (B) അറബി

(C) തമിഴ് (D) അറബി മലയാളം

22. ആദ്യമായി ബഹിരാകാശത്ത് എത്തിയ വ്യക്തി :

(A) രാകേഷ് ശർമ്മ
(B) യൂറി ഗഗാറിൻ
(C) വാലന്റീന തെരഷ്കോവ
(D) നീൽ ആംസ്ട്രോങ്ങ്

23. നാഥുല ചുരം ബന്ധിപ്പിക്കുന്നത് ഏതു പ്രദേശങ്ങൾ തമ്മിലാണ്?

(A) ഇന്ത്യ, പാകിസ്ഥാൻ
(B) ഇന്ത്യ, നേപ്പാൾ
(C) പാകിസ്ഥാൻ, ബംഗ്ലാദേശ്
(D) സിക്കിം, ടിബറ്റ്

24. 'വിക്ടോറിയ മെമ്മോറിയൽ' എന്ന മ്യൂസിയം എവിടെയാണ്?

(A) കൊൽക്കത്ത
(B) മുംബൈ
(C) ന്യൂഡൽഹി
(D) ചണ്ഡിഗഢ്

25. ഇന്ത്യൻ ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത് :

(A) പാർലമെന്റിലെയും നിയമസഭകളിലെയും അംഗങ്ങൾ
(B) പാർലമെന്റിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
(C) പാർലമെന്റിലെ ഇരുസഭകളിലെയും അംഗങ്ങൾ
(D) രാജ്യസഭയിലെ അംഗങ്ങൾ

26. വിവരാവകാശ പ്രസ്ഥാനം ആദ്യമായി ആരംഭിച്ച സംസ്ഥാനം :

(A) രാജസ്ഥാൻ
(B) കേരളം
(C) ആന്ധ്രാപ്രദേശ്
(D) മഹാരാഷ്ട്ര

27. 2012-ലെ നാഷണൽ ഗെയിംസിന് ആതിഥ്യം വഹിക്കുന്ന സംസ്ഥാനം :

(A) കേരളം
(B) ജാർഖണ്ഡ്
(C) തമിഴ്നാട്
(D) കർണ്ണാടക

28. കണ്ണൂരിലെ സെന്റ് ആഞ്ചലോ കോട്ട നിർമ്മിച്ച വിദേശ ശക്തി ഏത്?

(A) ബ്രിട്ടീഷ്
(B) ഫ്രാൻസ്
(C) പോർച്ചുഗീസ്
(D) ഡച്ച്

29. എലിസ, വെസ്റ്റേൺ ബ്ലോട്ട് എന്നീ പരിശോധനകൾ ഏതു രോഗനിർണ്ണയവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) മലമ്പനി
(B) ഹൃദ്രോഗം
(C) മഞ്ഞപ്പിത്തം
(D) എയ്ഡ്സ്

30. ലക്ഷദ്വീപിന്റെ തലസ്ഥാനം ഏത്?

(A) കവരത്തി
(B) മിനിക്കോയ്
(C) അഗത്തി
(D) ആന്ത്രോത്ത്

31. കാർഗിലിലെ നുഴഞ്ഞു കയറ്റക്കാരെ തുരത്തുവാൻ ഇന്ത്യ നടത്തിയ സൈനിക നീക്കം :
(A) ഓപ്പറേഷൻ ഗുൽമാർഗ്
(B) ഓപ്പറേഷൻ കാശ്മീർ
(C) ഓപ്പറേഷൻ വിജയ്
(D) ഓപ്പറേഷൻ ബ്ലൂസ്റ്റാർ

32. 'ഇന്ത്യൻ സമ്പദ്ഘടനയുടെ നട്ടെല്ല്' എന്നറിയപ്പെടുന്നത് :
(A) വ്യവസായം
(B) കൃഷി
(C) ഗതാഗതം
(D) ഇൻഷ്വറൻസ്

33. ദേശീയ വനിതാ കമ്മീഷൻ രൂപീകൃതമായ വർഷം :
(A) 2002
(B) 1992
(C) 1982
(D) 1997

34. 'തഹ്‌രിർ സ്ക്വയർ' ഏതു രാജ്യത്ത് സ്ഥിതിചെയ്യുന്നു?
(A) ബഹ്റൈൻ
(B) ലിബിയ
(C) ഈജിപ്റ്റ്
(D) ടുണീഷ്യ

35. കണ്ണിനെയും കാഴ്ചയെയും സംബന്ധിച്ച ശാസ്ത്രീയ പഠന ശാഖ :
(A) ഓഫ്താൽമോളജി
(B) ഓൻകോളജി
(C) ഫിസിയോളജി
(D) ഓർണിത്തോളജി

36. കേരളത്തിൽ കൂടുതൽ ഫാക്ടറികൾ ഉള്ള ജില്ല :
(A) തൃശ്ശൂർ
(B) കോട്ടയം
(C) കണ്ണൂർ
(D) എറണാകുളം

37. ജമ്മു-കാശ്മീരിലെ ഔദ്യോഗിക ഭാഷ :
(A) ഇംഗ്ലീഷ്
(B) ഹിന്ദി
(C) ഉറുദു
(D) ലഡാക്കി

38. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത മുഗൾ ചക്രവർത്തി :
(A) താന്തിയാതോപ്പി
(B) ഝാൻസി റാണി
(C) ഔറംഗസീബ്
(D) ബഹദൂർഷാ രണ്ടാമൻ

39. ഇന്ത്യൻ ഭരണഘടനയിൽ കൺകറന്റ് ലിസ്റ്റ് എന്ന ആശയം കടമെടുത്തത് ഏതു രാജ്യത്തുനിന്നാണ്?
(A) ആസ്ട്രേലിയ
(B) അയർലണ്ട്
(C) അമേരിക്ക
(D) ബ്രിട്ടൻ

40. 'തൊട്ടുകൂടായ്മ' നിരോധിച്ചു കൊണ്ടുള്ള ഇന്ത്യൻ ഭരണഘടനാ വകുപ്പ് :
(A) ആർട്ടിക്കിൾ 14
(B) ആർട്ടിക്കിൾ 15
(C) ആർട്ടിക്കിൾ 17
(D) ആർട്ടിക്കിൾ 18

41. ലോക് സഭയുടെ ആദ്യ വനിതാ സ്പീക്കർ ആര്?
(A) സുചേതാ കൃപലാനി
(B) സരോജിനി നായിഡു
(C) വി.എസ്. രമാദേവി
(D) മീരാ കുമാർ

42. മിന്നലിൽ വൈദ്യുതി ഉണ്ടെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ :
(A) ബെഞ്ചമിൻ ഫ്രാങ്ക്ളിൻ
(B) മൈക്കൽ ഫാരഡെ
(C) മാക്സ് പ്ലാങ്ക്
(D) ആൽഫ്രഡ് നോബൽ

43. 'ഇന്ത്യയുടെ ധാന്യക്കലവറ' എന്നറിയപ്പെടുന്ന സംസ്ഥാനം :
(A) ആന്ധ്രാപ്രദേശ്
(B) പഞ്ചാബ്
(C) മദ്ധ്യപ്രദേശ്
(D) തമിഴ്നാട്

44. 'ആകാശവാണി' എന്ന പേര് ഇന്ത്യൻ റേഡിയോ പ്രക്ഷേപണത്തിന് നൽകിയ വ്യക്തി ആര്?
(A) മഹാത്മാഗാന്ധി
(B) ജവഹർലാൽ നെഹ്റു
(C) രവീന്ദ്രനാഥ ടാഗോർ
(D) ഡോ. രാജേന്ദ്രപ്രസാദ്

45. 'ഇന്ത്യയുടെ രാഷ്ട്രീയ ജാതകം' എന്ന് വിളിക്കപ്പെടുന്നത് ഭരണഘടനയുടെ ഏതു ഭാഗത്തെയാണ്?
(A) മൗലികാവകാശങ്ങൾ
(B) മാർഗ്ഗ നിർദ്ദേശക തത്വങ്ങൾ
(C) മൗലിക കടമകൾ
(D) ആമുഖം

46. വാണിജ്യാടിസ്ഥാനത്തിൽ മൊബൈൽ ഫോൺ സർവ്വീസ് ആദ്യമായി തുടങ്ങിയ രാജ്യം ഏത്?
(A) ജപ്പാൻ
(B) ചൈന
(C) തായ്‌ലാന്റ്
(D) ഇന്ത്യ

47. 'ഹരിത വിദ്യാലയം' റിയാലിറ്റി ഷോയിലൂടെ കേരളത്തിലെ മികച്ച വിദ്യാലയമായി തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ ഏത്?
(A) ജി.ജി.എച്ച്.എസ്.എസ്. കോട്ടൺ ഹിൽ
(B) ജി.ആർ.എച്ച്.എസ്.എസ്. കോട്ടക്കൽ
(C) ജി.യു.പി.എസ്. കുട്ടക്കനി
(D) എ.എൽ.പി.എസ്. പെരിങ്ങോട്

48. ഇന്ത്യൻ ദേശീയ പതാകയിൽ ധീരതയെ സൂചിപ്പിക്കുന്നത് :
(A) കുങ്കുമം
(B) വെള്ള
(C) പച്ച
(D) അശോകചക്രം

49. നാഷണൽ ഡിഫൻസ് അക്കാദമി എവിടെ സ്ഥിതിചെയ്യുന്നു?
(A) ഡെറാഡൂൺ
(B) ഖടക്‌വാസ്‌ല
(C) ബാംഗ്ലൂർ
(D) മുസ്സൂറി

50. ലഘു ഘടകങ്ങളായ അമിനോ ആസിഡുകൾ കൂടിച്ചേർന്ന് രൂപപ്പെടുന്ന പോഷക ഘടകം ഏത്?
(A) കാർബോഹൈഡ്രേറ്റ്
(B) വിറ്റാമിൻ
(C) ധാതുക്കൾ
(D) പ്രോട്ടീൻ

51. 'ക്വിറ്റ് ഇന്ത്യ' സമരം നടന്ന വർഷം :
(A) 1940
(B) 1942
(C) 1943
(D) 1944

52. 'ഹരിത ഗൃഹ പ്രഭാവ'ത്തിന് കൂടുതൽ കാരണമാകുന്ന വാതകം :

(A) ഓക്സിജൻ (B) ഹൈഡ്രജൻ

(C) കാർബൺ ഡൈ ഓക്സൈഡ് (D) ഹീലിയം

53. പാകിസ്ഥാൻ പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോയുമായി സിംല കരാറിൽ ഒപ്പുവെച്ച ഇന്ത്യൻ പ്രധാനമന്ത്രി ആര്?

(A) ജവഹർലാൽ നെഹ്റു (B) ലാൽ ബഹദൂർ ശാസ്ത്രി

(C) ഇന്ദിരാഗാന്ധി (D) മൊറാർജി ദേശായി

54. 'മനുഷ്യശരീരത്തിലെ ആമാശയത്തിനകത്ത് ദഹനത്തിനെ സഹായിക്കുന്ന ആസിഡ് ഏത്?

(A) ഹൈഡ്രോക്ലോറിക് ആസിഡ് (B) നൈട്രിക് ആസിഡ്

(C) സൾഫ്യൂറിക് ആസിഡ് (D) ലാക്ടിക് ആസിഡ്

55. 'ബഹിഷ്കൃത ഭാരത്' എന്ന പത്രത്തിന്റെ സ്ഥാപകൻ ആര്?

(A) പെരിയാർ (B) അംബേദ്കർ

(C) സ്വാമി വിവേകാനന്ദൻ (D) അരബിന്ദ് ഘോഷ്

56. 'നീല വിപ്ലവം' ഏതു കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) പഴം (B) നീലം

(C) തീറ്റപ്പുൽ (D) മത്സ്യം

57. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകൃതമായ വർഷം :

(A) 1882 (B) 1885

(C) 1888 (D) 1889

58. കേരളത്തിൽ ആദ്യമായി പട്ടിക വർഗ്ഗ വനിത, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പദവി വഹിച്ച ജില്ല ഏത്?

(A) ഇടുക്കി (B) പാലക്കാട്

(C) പത്തനംതിട്ട (D) വയനാട്

59. 'എൻ മക ജെ' എന്ന കൃതി ഏതു വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) എൻഡോസൾഫാൻ ദുരന്തം (B) പ്ലാച്ചിമട സമരം

(C) ചെങ്ങറ സമരം (D) മുത്തങ്ങ സമരം

60. 'കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം' ഇന്ത്യയിൽ നിലവിൽ വന്ന തിയ്യതി :

(A) 2009 ഏപ്രിൽ 1 (B) 2010 ഏപ്രിൽ 1

(C) 2009 ജൂൺ 1 (D) 2010 ജൂൺ 1

61. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതിചെയ്യുന്നത് എവിടെ?

(A) സൈലന്റ് വാലി (B) പീച്ചി

(C) തിരുവനന്തപുരം (D) മൂന്നാർ

62. 'ബംഗാൾ കടുവ' എന്നറിയപ്പെടുന്ന ഇന്ത്യൻ ക്രിക്കറ്റ് താരം :

(A) സച്ചിൻ ടെണ്ടുൽക്കർ
(B) ശ്രീശാന്ത്
(C) മഹേന്ദ്രസിംഗ് ധോണി
(D) സൗരവ് ഗാംഗുലി

63. സാധാരണയായി ഇന്ത്യയിൽ കേന്ദ്ര പൊതു ബഡ്ജറ്റ് അവതരിപ്പിക്കുന്ന ദിവസം ഏത്?

(A) ഫെബ്രുവരി അവസാന പ്രവൃത്തി ദിവസം
(B) ഏപ്രിൽ 1
(C) മാർച്ച് 31
(D) ഫെബ്രുവരി 28

64. പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ ശബരിമല ക്ഷേത്രം ഏത് നദിയുടെ സമീപമാണ്?

(A) പെരിയാർ
(B) നിള
(C) പമ്പ
(D) ചാലിയാർ

65. 'സെലനോഗ്രാഫി' എന്നാൽ :

(A) നക്ഷത്രങ്ങളെ കുറിച്ചുള്ള പഠനം
(B) ചന്ദ്രനെ കുറിച്ചുള്ള പഠനം
(C) സൂര്യനെ കുറിച്ചുള്ള പഠനം
(D) ഉൽക്കകളെ കുറിച്ചുള്ള പഠനം

66. 'ഗേറ്റ് വേ ഓഫ് ഇന്ത്യ' എവിടെയാണ്?

(A) ന്യൂഡൽഹി
(B) മുംബൈ
(C) കാശ്മീർ
(D) ഹൈദരാബാദ്

67. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസ വകുപ്പ് മന്ത്രി :

(A) ഡോ. ബി.ആർ. അംബേദ്കർ
(B) ഡോ. എസ്. രാധാകൃഷ്ണൻ
(C) ജോൺ മത്തായി
(D) മൗലാന അബ്ദുൽ കലാം ആസാദ്

68. 'വായ്പകളുടെ നിയന്ത്രകൻ' എന്ന് അറിയപ്പെടുന്ന ബാങ്ക് :

(A) നബാർഡ്
(B) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
(C) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ
(D) ഇന്ത്യൻ ബാങ്ക്

69. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആദ്യ ചെയർമാൻ :

(A) ജ. കെ.ജി. ബാലകൃഷ്ണൻ
(B) ജ. രംഗനാഥ മിശ്ര
(C) ജ. രാജേന്ദ്രബാബു
(D) ജ. എം.എം. പരീത് പിള്ള

70. ജൂലിയ ഗില്ലാർഡ് ഏതു രാജ്യത്തെ പ്രഥമ വനിതാ പ്രധാനമന്ത്രിയാണ്?

(A) ആസ്ട്രേലിയ
(B) ബ്രസീൽ
(C) ബ്രിട്ടൻ
(D) ഫ്രാൻസ്

71. Nobody knows how to operate the new machine ———— [Add a question tag]

(A) does they?
(B) doesn't they?
(C) don't they?
(D) do they?

72. Leena goes to temple twice in a month. [Frame a question so as to get the above sentence as the answer]

(A) How many times Leena goes to temple in a month?
(B) How often Leena goes to temple in a month?
(C) How often does Leena go to temple in a month?
(D) When does Leena go to temple in a month?

73. Tinu is good ———— solving problems in Maths.

(A) on
(B) in
(C) at
(D) of

74. Choose the correctly spelt word :

(A) Grammar
(B) conviner
(C) recomend
(D) que

75. Delhi is one of the biggest cities in India, means ————.

(A) Delhi is the biggest city in India
(B) There are cities bigger than Delhi
(C) A few other cities in India are as big as Delhi
(D) No other city is bigger than Delhi

76. Manu uses Internet for two hours daily. [Change the voice of the verb]

(A) Internet is used for two hours daily
(B) Internet was used for two hours daily
(C) Internet is being used for two hours daily
(D) Internet was being used for two hours daily



GSM Ind -

77. Choose the most acceptable sentence :

(A) You had better to consult a doctor

(B) You had better to consulted a doctor

(C) You had better consulting a doctor

(D) You had better consult a doctor

78. George cultivated vegetables in large scale last year, but this year he ————————.

(A) was not grew any

(B) is not growing any

(C) was not growing any

(D) is not grow any

79. Gopi is an illiterate, but his son is studying ———————— a university.

(A) in

(B) on

(C) for

(D) at

80. I wrote down her phone number in case ————————.

(A) I forgot it

(B) I will forget it

(C) I will forgot it

(D) I forget it

81. A person who suffered for a noble cause is called ————————.

(A) a martyr

(B) a hero

(C) a protagonist

(D) a martyrdom

82. Being childless for a pretty long period Carrels decided to ———————— a child.

(A) adept

(B) adapt

(C) adopt

(D) abduct

83. A ———————— is a fully grown male horse.

(A) mule

(B) stallion

(C) mare

(D) pony

84. It is time we ———————— the work.

(A) start

(B) had started

(C) will start

(D) started

85. Pick out the most acceptable sentence from the given list :

(A) Inspite the heavy rain the match went on

(B) Despite the heavy rain the match went on

(C) If I were a bird, I will fly to my home

(D) England can able to beat Pakistan in the World Cup

86. Hardly a soul knew me in the village where I spent a weekend, means ——————.

(A) A few people knew me in the village

(B) I am a well known person in the village

(C) Nobody knew me in the village

(D) I was very popular in the village

87. Pick out the phrasal verb which means the word underlined :

Terrorists <u>attacked</u> the patrolling soldiers.

(A) went at

(B) go off

(C) go at

(D) went off

88. The accident was caused by —————— on the part of the driver.

(A) neglect

(B) negligent

(C) negligence

(D) neglectful

89. One strong tea is better than twenty —————— teas.

(A) weak

(B) week

(C) light

(D) medium

90. He continued to sleep on the park bench in order to —————— as many ways as possible.

(A) economies

(B) economise

(C) economy

(D) economically

91. ശരിയല്ലാത്ത പ്രയോഗമേത്?

(A) മറ്റു ഗത്യന്തരമില്ലാതെ അയാൾ ആത്മഹത്യക്ക് ശ്രമിച്ചു

(B) വർഷം തോറും ഇടവപ്പാതിക്ക് മഴ പെയ്യുന്നു

(C) വൃശ്ചികമാസത്തിലെ കാർത്തികക്കാണ് കാർത്തിക ദീപം തെളിയുന്നത്

(D) വർഷം തോറും വേനലവധിക്ക് രണ്ടുമാസം സ്കൂൾ അടയ്ക്കുന്നു

92. 'ഉണർന്നിരിക്കുന്ന അവസ്ഥ' - ഒറ്റ വാക്ക് ഏത്?

(A) ജാഗരം (B) സഹാസം

(C) ക്ഷോഭം (D) കുശലത

93. 'എപ്പോഴും' എന്നർത്ഥം വരുന്ന പദം :

(A) സർവഥാ (B) സർവ്വത്ര

(C) സർവ്വസ്വം (D) സർവ്വദാ

94. 'അരങ്ങു കാണാത്ത നടൻ' എന്ന കൃതിയുടെ കർത്താവ് :

(A) തിക്കോടിയൻ (B) കെ.ടി. മുഹമ്മദ്

(C) അടൂർ ഗോപാലകൃഷ്ണൻ (D) മുരളി

95. 'കേരള ഇബ്സൻ' എന്ന പേരിൽ അറിയപ്പെടുന്ന സാഹിത്യകാരൻ :

(A) ജോർജ്ജ് വർഗ്ഗീസ് (B) സി.വി. രാമൻപിള്ള

(C) പി. സച്ചിദാനന്ദൻ (D) എൻ. കൃഷ്ണപിള്ള

96. ആദ്യത്തെ വയലാർ അവാർഡ് നേടിയ കൃതി :

(A) ഇനി ഞാനുറങ്ങട്ടെ (B) അഗ്നിസാക്ഷി

(C) യന്ത്രം (D) കയർ

97. 'Familiarity breeds contempt' - സമാനമായ പഴഞ്ചൊല്ല് :

(A) ഇക്കരെ നിന്നാലക്കരെ പച്ച (B) നിറകുടം തുളുമ്പില്ല

(C) മുറ്റത്തെ മുല്ലക്ക് മണമില്ല (D) പൊന്നിൻ കുടത്തിനു പൊട്ടു വേണ്ട

98. 'Apple in one's eye' - ഈ ശൈലിയുടെ മലയാള പരിഭാഷ :

(A) കൺമണി (B) പ്രിയൻ

(C) മനസ്വിനി (D) പ്രേയസി

99. മൂപ്പൻ എന്ന പദം താഴെ പറയുന്നവയിൽ ഏതു വിഭാഗത്തിൽപ്പെടുന്നു?

(A) കൃത്ത് (B) തദ്ധിതം

(C) കാരകം (D) ഘടകം

100. 'തണുപ്പുണ്ട്' - സന്ധി ഏത്?

(A) ആദേശ സന്ധി (B) ആഗമ സന്ധി

(C) ലോപ സന്ധി (D) ദ്വിത്വ സന്ധി